# Ch 7. ഇന്റർനെറ്റ് പ്രവർത്തിക്കുന്നത്– ഓൺലൈൻ ക്ലാസ് 19 (13.11.20)

1. **ഇന്റർനെറ്റിന്റെ ഘടനാപരമായ മേൽനോട്ടത്തിനായുള്ള സമിതികൾ**

a) The Internet Society –ഇന്റർനെറ്റിന്റെ ഘടനയുടേയും നയങ്ങളുടേയും ഇതര പൊതുവിഷയങ്ങളുടേയും മേൽനോട്ടം

b) The Internet Engineering Task Force (IETF) –

ഇന്റർനെറ്റിന്റെ സാങ്കേതിക ഘടന, ഘടനാപരമായ സുസ്ഥിരതയ്ക്കും സുരക്ഷിതത്വത്തിനും ആവശ്യമായ സജ്ജീകരണങ്ങൾ തയ്യാറാക്കുക.

ഇന്റർനെറ്റ് പ്രോട്ടോക്കോളുകളുടെ നവീകരണം അംഗീകരിക്കുക

c) The Internet Corporation for Assigned Names and Numbers (ICANN) –

ഡൊമെയ്ൻ നാമകരണസംവിധാനം (DNS) ഇതിന്റെ മേൽനോട്ടത്തിലാണ് നടക്കുന്നത്. എല്ലാ ഇന്റർനെറ്റ് വിലാസവും അതിന്റെ ശരിയായ ഐ.പി. വിലാസത്തിൽ എത്തുന്നു എന്ന് ഉറപ്പു വരുത്തുക

2. **ഇന്റർനെറ്റിൽ ലഭ്യമായ ചില സേവനങ്ങൾ**

**a) ഇ മെയിൽ** – ആഗോള കമ്പ്യൂട്ടർ നെറ്റ്‌വർക്ക് ഉപയോഗിച്ച് കൈമാറുന്ന കത്ത്.

3. **ഇ മെയിൽ സേവനം ലഭ്യമാക്കുന്ന പോർട്ടലുകൾ (e mail service providers)**

Gmail, Yahoo, Hotmail

4. **നവസാമൂഹികമാധ്യമങ്ങൾ**

ഫേസ്ബുക്ക്, ട്വിറ്റർ, ഡയാസ്പോറ, വാട്സ്ആപ്

5. **നവസാമൂഹികമാധ്യമങ്ങളിലെ സ്വതന്ത്ര വിവരവിനിമയസങ്കേതം** – ഡയാസ്പൊറ

6. **ഇ ബാങ്കിങ്**

ഒരു ബാങ്ക് അക്കൗണ്ടിലൂടെയുള്ള പണമിടപാടുകൾ ബാങ്ക് പ്രത്യേകമായി തയ്യാറാക്കിയ ഒരു വെബ്സൈറ്റിലൂടെ നിർവഹിക്കുന്നതിന് പറയുന്നതാണ് ഇ ബാങ്കിങ്

7. **ഇ ബാങ്കിങ് കൊണ്ടുള്ള ഗുണങ്ങൾ**

- അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ എപ്പോൾ, എവിടെ വെച്ചും പരിശോധിക്കാം.
- മുമ്പ് നടത്തിയ ഇടപാടുകൾ പരിശോധിക്കാം.
- മറ്റൊരു അക്കൗണ്ടിലേക്ക് പണം വക മാറ്റാം
- നാം വാങ്ങിയ സാധനങ്ങളുടേയോ സേവനങ്ങളുടേയോ ബില്ലുകൾ അടയ്ക്കാം

8. OTP (One Time Password)

ഓൺലൈൻ ഇടപാടുകൾ നടത്തുമ്പോൾ സുരക്ഷ ഉറപ്പാക്കുന്നതിനായി നമ്മുടെ ഫോണിലേക്ക് ആ ഇടപാടിനായി മാത്രം ഉപയോഗിക്കാവുന്ന ഒരു പാസ്‌വേർഡ് ബാങ്കിൽ നിന്നും അയയ്ക്കുന്നു. ഇതാണ് OTP

9. **ഇ ഗവേണൻസ്**

ഇന്റർനെറ്റിലൂടെ ലഭ്യമാക്കുന്ന സർക്കാർ സേവനങ്ങളെ ഇ ഗവേണൻസ് എന്നു പറയുന്നു

## 10. നവസാമൂഹികമാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**സാമൂഹികമാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ ...**

- ഒരിക്കൽ പോസ്റ്റ് ചെയ്തുപോയ കാര്യങ്ങൾ പിന്നീട് വീണ്ടുവിചാരമുണ്ടാകുമ്പോൾ തിരിച്ചെടുക്കാനാവില്ല അത് പിൻവലിക്കുന്നതിനു മുൻപുതന്നെ അനേകം പേർ ആ വിവരങ്ങൾ കാണുകയും അവരുടെ കമ്പ്യൂട്ടറിലേക്ക് ഡൗൺലോഡ് ചെയ്യുകയും, പ്രചരിപ്പിക്കുകയും ചെയ്തിരിക്കാം.

- വ്യക്തിപരമായ വിവരങ്ങൾ തികച്ചും സ്വകാര്യമായിത്തന്നെ സൂക്ഷിക്കുക. ആരുതന്നെ നിങ്ങളെ വ്യക്തിപരമായ ചിത്രങ്ങളോ മറ്റു വിവരങ്ങളോ പങ്കുവയ്ക്കാൻ പ്രേരിപ്പിച്ചാലും അതിന് വഴങ്ങാതിരിക്കുക.

- നമ്മുടെ പരിസരത്ത് എന്തെങ്കിലും തരത്തിലുള്ള ദുരന്തം സംഭവിച്ചാൽ, ശരിയെന്ന് ഉറപ്പില്ലാത്തതോ പേടിപ്പെടുത്തുന്നതോ ആയ സന്ദേശങ്ങൾ സാമൂഹികമാധ്യമങ്ങളിൽ കൈമാറാതിരിക്കുക. വ്യാജസന്ദേശങ്ങൾ നിർമിക്കുന്നതും കൈമാറുന്നതും കുറ്റകരമാണ്. വിവിധ മാധ്യമങ്ങളിലൂടെ സർക്കാർ നൽകുന്ന നിർദേശങ്ങൾ കർശനമായും പാലിക്കണം.

- അനുചിതമായതോ അപമാനകരമായതോ ആയ പോസ്റ്റുകൾ ഒരാൾ എവിടെയെങ്കിലും പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ഉടനെതന്നെ അധ്യാപകരേയോ മുതിർന്നവരെയോ അറിയിക്കാൻ മറക്കരുത്. ഇന്റർനെറ്റ് ദുരുപയോഗപ്പെടുത്തുന്ന ആളുകളെ നിങ്ങളുടെ സുഹൃദ്വലയത്തിൽനിന്ന് നീക്കം ചെയ്യുക.

- അശ്ലീലസന്ദേശങ്ങളും ഭീഷണികളും (ബുള്ളിയിങ്) നിയമപരമായി കുറ്റകൃത്യങ്ങളാണ്. ഇത്തരം കൂട്ടുകെട്ടുകളിൽ പങ്കാളികളാകരുത്.

- സൈബർ കുറ്റകൃത്യങ്ങൾ നടത്തുന്നവർക്ക് സ്ഥിരമായി മറഞ്ഞിരിക്കാൻ സാധിക്കില്ല എന്നോർക്കുക. ഈ വലിയ വലയിൽ അവർ തൽക്കാലം ശ്രദ്ധിക്കപ്പെടാതെ പോകുന്നു എന്നു മാത്രമേയുള്ളൂ. പക്ഷേ, ഇത്തരമൊരു പ്രവർത്തനം നടക്കുന്നതായി ആരെങ്കിലും ശ്രദ്ധയിൽ പെടുത്തിയാൽ സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന പോലീസ് വകുപ്പിന് അവ കണ്ടുപിടിക്കാൻ വളരെ എളുപ്പമാണ്.

- സാമൂഹിക മാധ്യമങ്ങളിൽ നിർമിക്കുന്ന പ്രൊഫൈലുകൾ ചിലപ്പോൾ മോഷ്ടിക്കപ്പെട്ടേക്കാം. മറ്റൊരാൾ അയാളുടെ വ്യക്തിത്വം മറച്ചുവയ്ക്കാനുള്ള ഉപായമായി നിങ്ങളുടെ പ്രൊഫൈൽ ഉപയോഗപ്പെടുത്തുന്നതാകാം. ഇത് ഒരാളെ അപകീർത്തിപ്പെടുത്തുന്നതിനു പോലുമാകാം. ഇത്തരമൊരു കാര്യം ശ്രദ്ധയിൽ പെട്ടാൽ ഉടൻതന്നെ നിങ്ങളുടെ അധ്യാപകർ വഴി പോലീസിൽ വിവരമറിയിച്ചാൽ അവ നീക്കം ചെയ്യാൻ സാധിക്കും.

- സാമൂഹികമാധ്യമങ്ങൾ സുരക്ഷിതമായി ഉപയോഗിക്കാൻ അവയിലുള്ള സുരക്ഷാസജ്ജീകരണങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക. സ്വകാര്യതാ ക്രമീകരണങ്ങൾ നിർബന്ധമായും ചെയ്യുക.

- നിങ്ങൾ വ്യക്തിപരമായി അറിയുകയോ വിശ്വസിക്കുകയോ ചെയ്യാത്ത ആരെയും സാമൂഹികമാധ്യമങ്ങളിൽ സുഹൃത്തായി ചേർക്കാതിരിക്കുക. സാമൂഹികമാധ്യമങ്ങളിലൂടെ വെളിപ്പെടുത്തുന്നതോ പറയുന്നതോ ആയിരിക്കില്ല ഒരുപക്ഷേ ശരിയായ വ്യക്തിത്വം എന്ന് ഓർമിക്കുക.

ഈ ക്ലാസ് കാണാൻ ഇവിടെ touch ചെയ്യുക

QR code സ്കാൻ ചെയ്യുക